©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2025 ആഗസ്റ്റ് 19<br>19th August 2025<br>1201 ചിങ്ങം 3<br>3rd Chingam 1201<br>1947 ശ്രാവണം 28<br>28th Sravana 1947 | നമ്പർ<br>No. 3008 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O.(P)No. 74/2025/LBR

*Dated, Thiruvananthapuram, 8th August , 2025*
*23th Karkadakam, 1200.*

**S. R. O. No. 929/2025**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G. O. (P) No. 24/2021/LBR.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

dated 16th February, 2021 and published as S.R.O. No.183/2021 in the Kerala Gazette Extraordinary No.763 dated 16th February, 2021, the Government of Kerala, after considering the objections and suggestions received on the draft proposals published as Notification No.LBRD-E1/73/2023-LBRD. dated 6th September, 2023 in the Kerala Gazette Extraordinary No. 2914 dated 8th September, 2023, as required under clause (b) of sub-section (1) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the workers employed in Plantation Sector in the State of Kerala, as specified in the Schedule annexed hereto and fix the date of publication of this notification in the Official Gazette as the date on which the revised rates shall come into force.

## SCHEDULE - I

### TEA PLANTATIONS

**1. Time Rated Work**

| | **Minimum Time Rate** (Basic Wages) ₹ |
|---|---|
| (a) Field Workers | 349.21 |
| (b) Factory Workers | 352.46 |

For this purpose the term “factory” means any place where a manufacturing process is carried out irrespective of the number of workers employed therein.

**2. Piece Rated Work**

**(A) Hand Plucking**

a) Standard Output : (1) In the months of January, February and August - 16 Kgs of tea leaves harvested per day.

: (2) In the remaining months of the year 21 Kgs of tea leaves harvested per day.

b) Guaranteed Time Rate : Rs. 209.53 per day.

c) Minimum Piece Rate : In addition to the guaranteed time rate the workers in Tea plantations shall be paid piece rate as follows.

(1) Rs. 8.736 per Kg for the first 16 Kgs of harvested tea leaves in the months of January, February and August.

(2) Rs. 6.656 per Kg for the first 21 Kgs of harvested tea leaves in the remaining months of the year.

(3) 80 paise per Kg shall be paid for the next 14 Kgs above the standard output and 110 paise per Kg for the next 14 Kgs and thereafter 150 paise per Kg.

| | | |
|---|---|---|
| d) Adjustments of piece rates | : | If the plucking average of an estate is less than the standard output, in a month, then the standard output shall be revised as follows and wages shall be paid. The plucking average rate of that month in the said estate after deducting 10% shall be fixed as standard output and then wages can be calculated. Minimum price rate shall be calculated on the basis of revised standard output. A plucker shall be entitled to get this rate for the leaves harvested on every day of the said month. |

**(B) Shear Plucking**

| | | |
|---|---|---|
| a) Standard Output | : | (1) In the months of January, February and August - 16 Kgs of tea leaves harvested per day. |
| | : | (2) In the remaining months of the year 27 Kgs of tea leaves harvested per day. |
| b) Guaranteed Time Rate | : | Rs**.** 209.53 per day. |
| c) Minimum Piece Rate | : | In addition to the guaranteed time rate, the workers in tea plantations shall be paid piece rate as follows.<br>(1) Rs. 8.736 per Kg for the first 16 Kgs of harvested tea leaves in the month of January, February and August.<br>(2) Rs. 5.177 per Kg for the first 27 Kgs of harvested tea leaves in the other months of the year.<br>(3) 80 paise per Kg shall be paid for the next 14 Kgs above the standard output and 110 paise per Kg for the next 14 Kgs and thereafter 150 paise per Kg. |
| d) Adjustments of piece rates | : | If the plucking average of an estate is less than the standard output, in a month, then the standard output shall be revised as follows and wages shall be paid. The plucking average rate of that month in the said estate after deducting 10% shall be fixed as the standard output then wages can be calculated. Minimum price rate shall be calculated on the basis of revised standard output. A plucker shall be entitled to get this rate for the leaves harvested on every day of the said month. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**3. Supervisors & Selected Special Categories**

| *Category* | *Scale of Pay* |
|---|---|
| (1) | (2) |
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technician<br>6. Fitters<br>7. Drivers (Lorry/Tractor/Ambulance/ Car/Jeep/Engine) | 10934-49-11228-55-11558-61-11924-68-12332-75-12782-83-13280-92-13832-101-14438-111-15104 |

**4. Special Categories**

| | |
|---|---|
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderly (Servant)<br>8. Ward Boy & Ward Girl<br>9. Plumbers<br>10. Pump Operators (including workers doing atleast some maintenance work) | 10708-49-11002-55-11332-61-11698-68-12106-75-12556-83-13054-92-13606-101-14212-111-14878 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 11. Tappal man<br>12. Estate Office Peon<br>13. Permanent Cook in Hospitals | 10708-49-11002-55-11332-61-11698-68-12106-75-12556-83-13054-92-13606-101-14212-111-14878 |

**5. Creche Attendants** : 10578-49-10872-55-11202-61-11568-68-11976-75-12426-83-12924-92-13476-101-14082-111-14748

## SCHEDULE- II

## RUBBER PLANTATIONS

**1. Time Rated Work**

| | **Minimum Time Rate** (Basic Wages) ₹ |
|---|---|
| (a) Field Workers | 429.21* |
| (b) Factory Workers | 434.08 |

For this purpose the term "factory" means any place where a manufacturing process is carried out irrespective of the number of workers employed therein.

Tapping workers shall be given a wage differential of Rs.7/- per day.

*As per the decision of the Plantation Labour Committee dated 15.12.1966, the tapping task of rubber trees has been fixed as 400 based on the recommendation of the Central Rubber Plantation Wage Board approved by Government of India vide resolution WB-8(18)/66 dated 29th September, 1966.

**Additional Incentive**

A Rubber Tapper who taps more than the tapping task fixed, then he will get an Additional Incentive of 60 paise per tree. All statutory benefits are applicable to the above incentive.

**2.** (i) The classification of Rubber plantations and standard output for each category is given below:-

| | *Class* | *Standard Output* |
|---|---|---|
| Class-1 | Annual yield below 170 Kgs | 2 Kgs per day |
| Class-2 | Annual yield from 171 Kgs to 270 Kgs | 4 Kgs per day |
| Class-3 | Annual yield from 271 Kgs to 400 Kgs | 6.5 Kgs per day |
| Class-4 | Annual yield above 400 Kgs | 8 Kgs per day |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) For the purpose of calculating annual yield, the yield obtained from normal tapping for 6 days per week will be taken in to account.

(iii) One hundred trees will be reckoned as one acre for the classification of Rubber Plantations.

**3.** Plantations belonging to class 1, 2 and 3 shall be paid Rs.5.25 per kg of latex and for plantations belonging to class 4, Rs.7.25 per kg of latex shall be paid as over kilo rate.

**4.** The over kilo rate for latex (ഒട്ടുപാൽ) will be Rs. 1.60 per kg.

**5.** The guaranteed time rate shall be Rs. 257.53 per day basic wages.

**6.** In addition to the guaranteed time rate, the piece rate mentioned below shall be paid to each class of Plantations.

| | |
|---|---|
| Class-1 | Rs. 85.950 per Kg |
| Class-2 | Rs. 42.975 per Kg |
| Class-3 | Rs. 26.446 per Kg |
| Class-4 | Rs. 21.488 per Kg |

**7. Supervisors and Selected Special Categories**

| *Category* | *Scale of Pay* |
|---|---|
| (1) | (2) |
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technician<br>6. Fitters<br>7. Drivers (Lorry/Tractor/Ambulance/ Car/Jeep/Engine) | 13409-79-13883-85-14393-91-14939-98-15527-105-16157-113-16835-122-17567-131-18353-141-19199 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**8. Special Categories**

| | |
|---|---|
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderly (Servant)<br>8. Ward Boy & Ward Girl<br>9. Plumbers<br>10. Pump Operators (including workers doing atleast some maintenance work)<br>11. Tappal man<br>12. Estate Office Peon<br>13. Permanent Cook in Hospitals | 13148-79-13622-85-14132-91-14678-98-15266-105-15896-113-16574-122-17306-131-18092-141-18938 |

**9. Creche Attendants :** 12978-79-13452-85-13962-91-14508-98-15096-105-15726-113-16404-122-17136-131-17922-141-18768

SCHEDULE-III

**COFFEE PLANTATIONS**

**1. Time Rated Work**

**Minimum Time Rate**
(Basic Wages)
₹
349.21

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

In addition to basic wages of Rs. 349.21/-, Rs. 5/- per day will be paid as special allowance in single crop coffee plantations. Other statutory benefits will not be applicable to this.

**2. Piece Rated work**

For piece rate work above 60 kilogram, Rs.1.50/- per kg shall be paid as over kilo rate.

**3. Supervisors and Selected Special Categories**

| *Class* | *Scale of Pay* |
|---|---|
| (1) | (2) |
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technician<br>6. Fitters<br>7. Drivers (Lorry/Tractor/Ambulance/ Car/Jeep/Engine) | 10934-49-11228-55-11558-61-11924-68-12332-75-12782-83-13280-92-13832-101-14438-111-15104 |

**4. Special Categories**

| | |
|---|---|
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderly (Servant) | 10708-49-11002-55-11332-61-11698-68-12106-75-12556-83-13054-92-13606-101-14212-111-14878 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 8. Ward Boy & Ward Girl<br>9. Plumbers<br>10. Pump Operators (including workers doing atleast some maintenance work)<br>11. Tappal man<br>12. Estate Office Peon<br>13. Permanent Cook in Hospitals | 10708-49-11002-55-11332-61-11698-68-12106-75-12556-83-13054-92-13606-101-14212-111-14878 |

**5. Creche Attendants** : 10578-49-10872-55-11202-61-11568-68-11976-75-12426-83-12924-92-13476-101-14082-111-14748

## SCHEDULE- IV

## CARDAMOM PLANTATIONS

**1. Time Rated Work**

**Minimum Time Rate**
(Basic Wages)
₹

* 378.21 349.21

(*The workers in single crop cardamom plantations will get higher rate of wages.)

**2. Supervisors and Selected Special Categories**

| *Class* | *Scale of Pay* |
|---|---|
| (1) | (2) |
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technician<br>6. Fitters<br>7. Drivers (Lorry/Tractor/Ambulance/ Car/Jeep/Engine) | 11834-64-12218-70-12638-76-13094-83-13592-90-14132-98-14720-107-15362-116-16058-126-16814 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**3. Special Categories**

| | |
|---|---|
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderly (Servant)<br>8. Ward Boy & Ward Girl<br>9. Plumbers<br>10. Pump Operators (including workers doing atleast some maintenance work)<br>11. Tappal man<br>12. Estate Office Peon<br>13. Permanent Cook in Hospitals | 11588-64-11972-70-12392-76-12848-83-13346-90-13886-98-14474-107-15116-116-15812-126-16568 |

**4. Creche Attendants** : 11448-64-11832-70-12252-76-12708-83-13206-90-13746-98-14334-107-14976-116-15672-126-16428

For monthly rated workers working in mixed crop plantations, the scale of pay mentioned as per Schedule I and III for Tea and Coffee plantations shall be applicable.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## GENERAL CONDITIONS (APPLICABLE TO ALL CROPS)

**I. Fitment :** (Applicable to monthly waged Supervisors and Selected Special Categories, Other Special Categories and Creche Attendants in all crops)

When the salary is refixed in Tea, Rubber, Coffee and Cardamom plantations (mixed crop), the Supervisors, selected categories shall be given Rs.1372/- and special categories and creche attendants shall be given Rs.1328/- as fitment benefit. When the salary is refixed, the pay shall be fixed nearest higher stage in the pay scale.

**II. Job Differential**

The following categories of workers will be eligible for job differential at the rate of Rs. 3.25 per day.

1. Pruners
2. Workers spraying pesticides (including mixing workers).
3. Tinkers
4. Telephone Operators
5. Dressers
6. Painters
7. Cooks
8. Sweepers
9. Tappal man
10. Peons
11. Factory/Field/Gate Watchmen
12. Greasors
13. Cleaners
14. Porters
15. Foresters
16. Tea Chest makers
17. Vehicle Attenders
18. (a) Workers employed in Smoke House for drying and processing cardamom on days on which they are actually employed for such work.
    (b) Workers employed in actual regulation of shade in Cardamom Plantations on days on which they are employed in such work.

*Note :- Pruning workers in Cardamom Plantations will be paid a job differential at the rate of 50 paise per day on all working days throughout the year.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. Service Weightage**

**1. Daily waged Workers**

| | | |
|---|---|---|
| (i) | upto 5 years | Nil |
| (ii) | Above 5 years and upto 10 years | 125 paise |
| (iii) | Above 10 years and upto 15 years | 175 paise |
| (iv) | Above 15 years and upto 20 years | 230 paise |
| (v) | Above 20 years | 280 paise |

**2. Monthly waged Workers**

| | | |
|---|---|---|
| (i) | upto 5 years | Nil |
| (ii) | Above 5 years and upto 10 years | One Additional Increment |
| (iii) | Above 10 years and upto 15 years | Two Additional Increment |
| (iv) | Above 15 years and upto 20 years | Three Additional Increment |
| (v) | Above 20 years | Four Additional Increment |

*Note :- An employee will be eligible for service weightage on completion of prescribed years of service from the date of joining in the said service.*

**3.** The proposed granting of service weightage included in Sl.Nos. 1 and 2 shall be subject to the final judgment of the Hon'ble Supreme Court in the Special Leave Petition (C) No.14133/2020 filed by the State of Kerala against the judgment dated 14.11.2019 of the Hon'ble High Court in WP (C) No.26803/17.

**IV. Dearness Allowances**

The basic wages mentioned above are equated to 2050 points of the Consumer Price Index Number (Base:1970=100 series) published for Ernakulam Centre. The workers shall be eligible for Dearness Allowance for the increase in every point above 2050 points in the average Consumer Price Index Number for Ernakulam Centre for the quarter year immediately preceding the current quarter year.

The Field workers will be paid seven paise per point per day and the Supervisors and Special Categories of employees will be paid Dearness Allowance at the rate of Rs. 2.10 for increase over 2050 points in the Consumer Price Index Number published for Ernakulam Centre for the previous 3 months. The above Dearness Allowance is subject to adjustments on 1st January, 1st April, 1st July and 1st

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

October of every year on the basis of the average Consumer Price Index Number published for Ernakulam Centre for the previous three months beginning 1st July, 1st October, 1st January and 1st April respectively.

**V. Employment Protection**

The minimum rates of wages notified above are based on the assurance that employers in Tea and Rubber Plantations will provide work for their workers throughout the year. If the employers are unable to provide such employment, the workers are entitled to get above minimum wages on days except when they are voluntarily absent from work. But the obligation of the employer is only to offer some kind of work connected with the plantations and workers who refuse to accept that work will naturally lose their right to get the wages in that particular day.

**VI. Protection of Higher Wages**

If the employees in any establishment are in receipt of wages higher than the rates fixed in the schedule, they shall be entitled to get such higher wages.

**VII.** The wage rates as per this notification shall be effective from 1st January, 2023.

**VIII**. The arrears to be paid under this notification, if not disbursed till date, shall be paid on or before 30th September, 2023.

By order of the Governor,
DR. VASUKI K.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government had revised the minimum rates of wages payable to the employees employed in the Plantation Sector in the State of Kerala as per Notification issued under G. O. (P) No. 24/2021/LBR. dated 16th February, 2021 and published as S.R.O. No.183/2021 in the Kerala Gazette Extraordinary No.763 dated 16th February, 2021. Now, the Government have decided to revise the existing minimum rates of wages in the said sector after considering objections and suggestions on the draft proposal issued under Notification No.LBRD-E1/73/2023-LBRD. dated 6th September, 2023 and

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

published in the Kerala Gazette Extraordinary No. 2914 dated 8th September, 2023 and also on the advice of the Minimum Wages Advisory Board constituted for this purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി.) നം. 74/2025/തൊഴിൽ

തിരുവനന്തപുരം, 2025, ആഗസ്റ്റ് 8
1200, കർക്കടകം 23.

**എസ്. ആർ. ഒ. നമ്പർ 929/2025**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2021 ഫെബ്രുവരി 16-ാം തീയതിയിലെ സ. ഉ. (അച്ചടി) 24/2021/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2021 ഫെബ്രുവരി 16-ാം തീയതിയിലെ 763-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 183/2021 നമ്പർ ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2023 സെപ്റ്റംബർ 6-ാം തീയതിയിലെ ഇ 1/73/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2023 സെപ്റ്റംബർ 8-ാം തീയതിയിലെ 2914-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷം കേരള സർക്കാർ, സംസ്ഥാനത്തെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി, പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

**പട്ടിക - I**
**തേയില തോട്ടങ്ങൾ**

**1. ടൈം റേറ്റഡ് വർക്ക്**

| | **മിനിമം ടൈം റേറ്റ്** (അടിസ്ഥാന വേതനം രൂപയിൽ) |
|---|---|
| (എ) ഫീൽഡ് വർക്കേഴ്സ് | 349.21 |
| (ബി) ഫാക്ടറി വർക്കേഴ്സ് | 352.46 |

ഈ ആവശ്യത്തിലേയ്ക്ക് "ഫാക്ടറി" എന്നാൽ തൊഴിലാളികളുടെ എണ്ണം ബാധകമില്ലാതെ ഉത്പാദനപ്രകിയ നടക്കുന്ന ഏതൊരു സ്ഥലവും എന്നർത്ഥമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2. പീസ് റേറ്റഡ് വർക്ക്**

**(എ) ഹാൻഡ് പ്ലക്കിംഗ്**

| | | |
|---|---|---|
| (i) സ്റ്റാൻഡേർഡ് ഔട്ട്പുട്ട് | : | 1. ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ പ്രതിദിനം 16 കിലോഗ്രാം തേയില കൊളുന്ത്.<br>2. മറ്റ് മാസങ്ങളിൽ പ്രതിദിനം 21 കിലോഗ്രാം തേയില കൊളുന്ത്. |
| (ii) ഗ്യാരന്റീഡ് ടൈം റേറ്റ് | : | പ്രതിദിനം 209.53 രൂപ |
| (iii) മിനിമം പീസ് റേറ്റ് | : | തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് ഗ്യാരന്റീഡ് ടൈം റേറ്റിന് പുറമേ താഴെപ്പറയുന്ന പ്രകാരം പീസ് റേറ്റ് കൂടി നൽകേണ്ടതാണ്.<br><br>1. ജനുവരി, ഫ്രെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ ആദ്യത്തെ 16 കിലോഗ്രാം വരെ തേയില കൊളുന്തിന് 8.736 രൂപ വീതം.<br><br>2. മറ്റ് മാസങ്ങളിൽ ആദ്യത്തെ 21 കിലോഗ്രാം വരെ തേയില കൊളുന്തിന് 6.656 രൂപ വീതം.<br><br>3. സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന് മുകളിൽ വരുന്ന അടുത്ത 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 80 പൈസ നിരക്കിലും തുടർന്നുള്ള 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 110 പൈസ നിരക്കിലും അതിന്റെ മുകളിലുള്ള ഓരോ കിലോഗ്രാമിനും 150 പൈസ നിരക്കിലും കൂലി നൽകേണ്ടതാണ്. |
| (iv) പീസ് റേറ്റിന്റെ ക്രമീകരണം | : | ഒരു എസ്റ്റേറ്റിലെ പ്ലക്കിംഗ് ശരാശരി ഏതെങ്കിലും ഒരു മാസത്തിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിലും കുറവാകുന്ന പക്ഷം താഴെപ്പറയും പ്രകാരം സ്റ്റാൻഡേർഡ് ഔട്ട്പുട്ട് പുതുക്കി നിശ്ചയിച്ച് കൂലി നൽകേണ്ടതാണ്. പ്രസ്തുത എസ്റ്റേറ്റിലെ ആ മാസത്തെ പ്ലക്കിംഗ് ശരാശരിയുടെ 10 ശതമാനം കുറച്ച ശേഷമുള്ള സംഖ്യയെ സ്റ്റാൻഡേർഡ് ഔട്ട്പുട്ടായി നിശ്ചയിച്ച് കൂലി കണക്കാക്കേണ്ടതാണ്. മിനിമം പീസ് റേറ്റ് പുതുക്കിയ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. പ്രസ്തുത മാസത്തിൽ എല്ലാ ദിവസവും തൊഴിലാളി നുള്ളുന്ന കൊളുന്തിന് ഇതേ നിരക്കിൽ വേതനം ലഭിക്കാൻ അർഹതയുണ്ടായിരിക്കും. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(ബി) ഷിയർ പ്ലക്കിംഗ്**

| | | |
|---|---|---|
| (i) സ്റ്റാൻഡേർഡ് ഔട്ട്പുട്ട് | : | 1. ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ പ്രതിദിനം 16 കിലോഗ്രാം തേയില കൊളുന്ത്.<br>2. മറ്റ് മാസങ്ങളിൽ പ്രതിദിനം 27 കിലോഗ്രാം തേയില കൊളുന്ത്. |
| (ii) ഗ്യാരന്റീഡ് ടൈം റേറ്റ് | : | പ്രതിദിനം 209.53 രൂപ |
| (iii) മിനിമം പീസ് റേറ്റ് | : | തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് ഗ്യാരന്റീഡ് ടൈം റേറ്റിന് പുറമേ താഴെപ്പറയുന്ന പ്രകാരം പീസ് റേറ്റ് കൂടി നൽകേണ്ടതാണ്.<br>1. ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ ഒരു ദിവസം ആദ്യത്തെ 16 കിലോഗ്രാം വരെ തേയില കൊളുന്തിന് 8.736 രൂപ വീതം.<br><br>2. മറ്റ് മാസങ്ങളിൽ ആദ്യത്തെ 27 കിലോഗ്രാം വരെ തേയില കൊളുന്തിന് 5.177 രൂപ വീതം.<br><br>3. സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന് മുകളിൽ വരുന്ന അടുത്ത 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 80 പൈസ നിരക്കിലും തുടർന്നുള്ള 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 110 പൈസ നിരക്കിലും അതിന്റെ മുകളിലുള്ള ഓരോ കിലോഗ്രാമിനും 150 പൈസ നിരക്കിലും കൂലി നൽകേണ്ടതാണ്. |
| (iv) പീസ് റേറ്റിന്റെ ക്രമീകരണം | : | ഒരു എസ്റ്റേറ്റിലെ പ്ലക്കിംഗ് ശരാശരി ഏതെങ്കിലും ഒരു മാസത്തിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിലും കുറവാകുന്ന പക്ഷം താഴെപ്പറയും പ്രകാരം സ്റ്റാൻഡേർഡ് ഔട്ട്പുട്ട് പുതുക്കി നിശ്ചയിച്ച് കൂലി നൽകേണ്ടതാണ്. പ്രസ്തുത എസ്റ്റേറ്റിലെ ആ മാസത്തെ പ്ലക്കിംഗ് ശരാശരിയുടെ 10 ശതമാനം കുറച്ച ശേഷമുള്ള സംഖ്യയെ സ്റ്റാൻഡേർഡ് ഔട്ട്പുട്ടായി നിശ്ചയിച്ച് കൂലി കണക്കാക്കേണ്ടതാണ്. മിനിമം പീസ് റേറ്റ് പുതുക്കിയ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. പ്രസ്തുത മാസത്തിൽ എല്ലാ ദിവസവും തൊഴിലാളി നുള്ളുന്ന കൊളുന്തിന് ഇതേ നിരക്കിൽ വേതനം ലഭിക്കാൻ അർഹതയുണ്ടായിരിക്കും. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**3. സൂപ്പർവൈസർമാരും തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളും**

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| 1. സൂപ്പർവൈസർമാർ<br>2. മെക്കാനിക്ക്<br>3. ഇലക്ട്രീഷ്യൻ<br>4. വയർമാൻ<br>5. ലബോറട്ടറി ടെക്നീഷ്യൻ<br>6. ഫിറ്റർ<br>7. ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 10934-49-11228-55-11558-61-11924-68-12332-75-12782-83-13280-92-13832-101-14438-111-15104 |

**4. പ്രത്യേക വിഭാഗങ്ങൾ**

| | |
|---|---|
| 1. മരപ്പണിക്കാർ<br>2. കൽപ്പണിക്കാർ<br>3. ഇരുമ്പുപണിക്കാർ<br>4. ആയമാർ<br>5. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ<br>6. ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും<br>7. മെഡിക്കൽ ഓഡർലി (സേവകൻ)<br>8. വാർഡ് ബോയ് & വാർഡ് ഗേൾ<br>9. പ്ലംബർ<br>10. പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റപണികൾ ചെയ്യുന്നവർ ഉൾപ്പെടെ)<br>11. തപാൽ മാൻ<br>12. എസ്റ്റേറ്റ് ഓഫീസ് പ്യൂൺ<br>13. ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി | 10708-49-11002-55-11332-61-11698-68-12106-75-12556-83-13054-92-13606-101-14212-111-14878 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**5. ക്രഷ് അറ്റൻഡന്റ്** : 10578-49-10872-55-11202-61-11568-68-11976-75-12426-83-12924-92-13476-101-14082-111-14748

## പട്ടിക - II
## റബ്ബർ തോട്ടങ്ങൾ

**1. ടൈം റേറ്റഡ് വർക്ക്**

| | മിനിമം ടൈം റേറ്റ് (അടിസ്ഥാന വേതനം രൂപയിൽ) |
|---|---|
| (എ) ഫീൽഡ് വർക്കേഴ്സ് | 429.21* |
| (ബി) ഫാക്ടറി വർക്കേഴ്സ് | 434.08 |

ഈ ആവശ്യത്തിലേയ്ക്ക് "ഫാക്ടറി" എന്നാൽ തൊഴിലാളികളുടെ എണ്ണം ബാധകമില്ലാതെ ഉത്പാദനപ്രകിയ നടക്കുന്ന ഏതൊരു സ്ഥലവും എന്നർത്ഥമാകുന്നു.

ടാപ്പിംഗ് തൊഴിലാളികൾക്ക് പ്രതിദിനം 7 രൂപ വേജ് ഡിഫറൻഷ്യലായി നൽകുന്നതാണ്.

* 15.12.1966-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാന പ്രകാരം 1966 സെപ്റ്റംബർ 29-ലെ ഭാരത സർക്കാരിന്റെ WB-8(18)/66 പ്രമേയത്തിലൂടെ അംഗീകരിച്ച കേന്ദ്ര റബ്ബർ പ്ലാന്റേഷൻ വേജ് ബോർഡിന്റെ ശുപാർശ അനുസരിച്ച് റബ്ബർ മരങ്ങളുടെ ടാപ്പിങ്ങ് ടാസ്ക് 400 ആയി നിശ്ചയിച്ചിട്ടുണ്ട്.

**അഡീഷണൽ ഇൻസന്റീവ്**

ഒരു ടാപ്പർ നിശ്ചയിച്ച ടാപ്പിങ്ങ് ടാസ്കിൽ കൂടുതൽ ടാപ്പ് ചെയ്യുന്ന പക്ഷം ടിയാന് ടാപ്പിങ്ങ് ടാസ്കിന് മുകളിൽ മരമൊന്നിന് 60 പൈസ അഡീഷണൽ ഇൻസന്റീവ് ലഭിക്കുന്നതാണ്. ഈ ഇൻസന്റീവിന് നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ബാധകമായിരിക്കും.

**2.** (i) റബ്ബർ തോട്ടങ്ങളുടെ വർഗ്ഗീകരണവും ഓരോ വിഭാഗത്തിലേയും സ്റ്റാൻഡേർഡ് ഔട്ട്പുട്ടും ചുവടെ ചേർക്കുന്നു.

| | *ക്ലാസ്* | *സ്റ്റാൻഡേർഡ് ഔട്ട്പുട്ട്* |
|---|---|---|
| ക്ലാസ്-1 | വാർഷിക ഉൽപാദനം 170 കിലോഗ്രാമിൽ താഴെ | പ്രതിദിനം 2 കിലോഗ്രാം |
| ക്ലാസ്-2 | വാർഷിക ഉൽപാദനം 171 കിലോഗ്രാം മുതൽ 270 കിലോഗ്രാം വരെ | പ്രതിദിനം 4 കിലോഗ്രാം |
| ക്ലാസ്-3 | വാർഷിക ഉൽപാദനം 271 കിലോഗ്രാം മുതൽ 400 കിലോഗ്രാം വരെ | പ്രതിദിനം 6.5 കിലോഗ്രാം |
| ക്ലാസ്-4 | വാർഷിക ഉൽപാദനം 400 കിലോഗ്രാമിന് മുകളിൽ | പ്രതിദിനം 8 കിലോഗ്രാം |

(ii) വാർഷിക ഉൽപാദനം കണക്കാക്കുന്നത് പ്രതിവാരം 6 ദിവസത്തെ സാധാരണ ടാപ്പിംഗിലൂടെ ലഭിക്കുന്ന ഉൽപാദനം കണക്കിലെടുത്തായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) റബ്ബർ തോട്ടങ്ങളുടെ വർഗ്ഗീകരണം ഒരു ഏക്കറിൽ 100 മരങ്ങൾ എന്ന തോതിലായിരിക്കും.

3. ക്ലാസ് 1, 2, 3 എന്നീ വിഭാഗങ്ങളിൽപ്പെടുന്ന തോട്ടങ്ങൾക്ക് 1 കിലോഗ്രാം ലാറ്റെക്സിന് 5.25 രൂപയും ക്ലാസ് 4 വിഭാഗങ്ങളിൽപ്പെടുന്ന തോട്ടങ്ങളിൽ 1 കിലോഗ്രാം ലാറ്റെക്സിന് 7.25 രൂപയും ഓവർകിലോ റേറ്റായി നൽകുന്നതാണ്.
4. ഒട്ടുപാലിന് കിലോഗ്രാമിന് 1.60 രൂപ നിരക്കിൽ ഓവർകിലോ റേറ്റായി നൽകുന്നതാണ്.
5. ഗ്യാരന്റീഡ് ടൈം റേറ്റ് 257.53 രൂപ ആയിരിക്കും. (പ്രതിദിന അടിസ്ഥാന വേതനം)
6. ഗ്യാരന്റീഡ് ടൈം റേറ്റിന് പുറമേ താഴെപ്പറയുന്ന പ്രകാരം ഓരോ വിഭാഗം തോട്ടങ്ങളിലും പീസ് റേറ്റ് നൽകുന്നതായിരിക്കും.

| | |
|---|---|
| ക്ലാസ് 1 | കിലോഗ്രാമിന് 85 രൂപ 95 പൈസ |
| ക്ലാസ് 2 | കിലോഗ്രാമിന് 42 രൂപ 975 പൈസ |
| ക്ലാസ് 3 | കിലോഗ്രാമിന് 26 രൂപ 446 പൈസ |
| ക്ലാസ് 4 | കിലോഗ്രാമിന് 21 രൂപ 488 പൈസ |

**7. സൂപ്പർവൈസർമാരും തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളും**

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| 1. സൂപ്പർവൈസർമാർ<br>2. മെക്കാനിക്ക്<br>3. ഇലക്ട്രീഷ്യൻ<br>4. വയർമാൻ<br>5. ലബോറട്ടറി ടെക്നീഷ്യൻ<br>6. ഫിറ്റർ<br>7. ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 13409-79-13883-85-14393-91-14939-98-15527-105-16157-113-16835-122-17567-131-18353-141-19199 |

**8. പ്രത്യേക വിഭാഗങ്ങൾ**

| | |
|---|---|
| 1. മരപ്പണിക്കാർ<br>2. കൽപ്പണിക്കാർ<br>3. ഇരുമ്പുപണിക്കാർ<br>4. ആയമാർ<br>5. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ | 13148-79-13622-85-14132-91-14678-98-15266-105-15896-113-16574-122-17306-131-18092-141-18938 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും
7. മെഡിക്കൽ ഓഡർലി (സേവകൻ)
8. വാർഡ് ബോയ് & വാർഡ് ഗേൾ
9. പ്ലംബർ
10. പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റപണികൾ ചെയ്യുന്നവർ ഉൾപ്പെടെ)
11. തപാൽ മാൻ
12. എസ്റ്റേറ്റ് ഓഫീസ് പ്യൂൺ
13. ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി

} 13148-79-13622-85-14132-91-14678-98-15266-105-15896-113-16574-122-17306-131-18092-141-18938

**9. ക്രഷ് അറ്റൻഡന്റ്** : 12978-79-13452-85-13962-91-14508-98-15096-105-15726-113-16404-122-17136-131-17922-141-18768

## പട്ടിക - III
## കാപ്പി തോട്ടങ്ങൾ

**1. ടൈം റേറ്റഡ് വർക്ക്**

**മിനിമം ടൈം റേറ്റ്**
(അടിസ്ഥാന വേതനം രൂപയിൽ)

349.21

ഒറ്റവിള കാപ്പിത്തോട്ടങ്ങളിൽ 349.21 എന്ന അടിസ്ഥാനശമ്പളത്തിന് പുറമെ 5 രൂപ പ്രതിദിനം പ്രത്യേക അലവൻസായി നൽകുന്നതാണ്. ഇതിന് നിയമാനുസൃതമായ മറ്റ് ആനുകൂല്യങ്ങൾ ബാധകമായിരിക്കുകയില്ല.

**2. പീസ് റേറ്റഡ് വർക്ക്**

പീസ് റേറ്റിലുള്ള ജോലിയ്ക്ക് 60 കിലോഗ്രാമിന് മുകളിൽ ഒരു കിലോഗ്രാമിന് 1.50 രൂപ വീതം ഓവർകിലോ റേറ്റ് ലഭിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**3. സൂപ്പർവൈസർമാരും തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളും**

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| 1. സൂപ്പർവൈസർമാർ | |
| 2. മെക്കാനിക്ക് | |
| 3. ഇലക്ട്രീഷ്യൻ | |
| 4. വയർമാൻ | 10934-49-11228-55-11558-61-11924-68-12332-75-12782-83-13280-92-13832-101-14438-111-15104 |
| 5. ലബോറട്ടറി ടെക്നീഷ്യൻ | |
| 6. ഫിറ്റർ | |
| 7. ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | |
| **4. പ്രത്യേക വിഭാഗങ്ങൾ** | |
| 1. മരപ്പണിക്കാർ | |
| 2. കൽപ്പണിക്കാർ | |
| 3. ഇരുമ്പുപണിക്കാർ | |
| 4. ആയമാർ | |
| 5. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ | 10708-49-11002-55-11332-61-11698-68-12106-75-12556-83-13054-92-13606-101-14212-111-14878 |
| 6. ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും | |
| 7. മെഡിക്കൽ ഓഡർലി (സേവകൻ) | |
| 8. വാർഡ് ബോയ് & വാർഡ് ഗേൾ | |
| 9. പ്ലംബർ | |
| 10. പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റപണികൾ ചെയ്യുന്നവർ ഉൾപ്പെടെ) | |
| 11. തപാൽ മാൻ | |
| 12. എസ്റ്റേറ്റ് ഓഫീസ് പ്യൂൺ | |
| 13. ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**5. ക്രഷ് അറ്റൻഡന്റ്** : 10578-49-10872-55-11202-61-11568-68-11976-75-12426-83-12924-92-13476-101-14082-111-14748

## പട്ടിക - IV
## ഏലത്തോട്ടങ്ങൾ

**1. ടൈം റേറ്റഡ് വർക്ക്**

**മിനിമം ടൈം റേറ്റ്**
(അടിസ്ഥാന വേതനം രൂപയിൽ)

*378.21 349.21

(*ഒറ്റവിളയായി ഏലക്കൃഷി ചെയ്യുന്ന തോട്ടങ്ങളിലെ ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വേതനം ലഭിക്കുന്നതാണ്.)

**2. സൂപ്പർവൈസർമാരും തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളും**

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| 1. സൂപ്പർവൈസർമാർ<br>2. മെക്കാനിക്ക്<br>3. ഇലക്ട്രീഷ്യൻ<br>4. വയർമാൻ<br>5. ലബോറട്ടറി ടെക്നീഷ്യൻ<br>6. ഫിറ്റർ<br>7. ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 11834-64-12218-70-12638-76-13094-83-13592-90-14132-98-14720-107-15362-116-16058-126-16814 |

**3. പ്രത്യേക വിഭാഗങ്ങൾ**

| | |
|---|---|
| 1. മരപ്പണിക്കാർ<br>2. കൽപ്പണിക്കാർ<br>3. ഇരുമ്പുപണിക്കാർ<br>4. ആയമാർ | 11588-64-11972-70-12392-76-12848-83-13346-90-13886-98-14474-107-15116-116-15812-126-16568 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ
6. ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും
7. മെഡിക്കൽ ഓഡർലി (സേവകൻ)
8. വാർഡ് ബോയ് & വാർഡ് ഗേൾ
9. പ്ലംബർ
10. പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റപണികൾ ചെയ്യുന്നവർ ഉൾപ്പെടെ)
11. തപാൽ മാൻ
12. എസ്റ്റേറ്റ് ഓഫീസ് പ്യൂൺ
13. ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി

11588-64-11972-70-12392-76-12848-83-13346-90-13886-98-14474-107-15116-116-15812-126-16568

**4. ക്രഷ് അറ്റൻഡന്റ്** : 11448-64-11832-70-12252-76-12708-83-13206-90-13746-98-14334-107-14976-116-15672-126-16428

മിശ്രവിള കൃഷി ചെയ്യുന്ന തോട്ടങ്ങളിലെ മാസശമ്പളക്കാരായ തൊഴിലാളികൾക്ക് ഷെഡ്യൂൾ I, III എന്നിവ പ്രകാരം തേയില, കാപ്പി തോട്ടങ്ങളിലെ വേതനനിരക്ക് ബാധകമായിരിക്കും.

**പൊതുമാനദണ്ഡങ്ങൾ (എല്ലാ വിളകൾക്കും ബാധകമായത്)**

**I. ഫിറ്റ്മെന്റ്**

(എല്ലാ വിളകളിലേയും മാസശമ്പളക്കാരായ സൂപ്പർ വൈസർമാരും തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക വിഭാഗങ്ങളും, പ്രത്യേക വിഭാഗക്കാർ, ക്രഷ് അറ്റൻഡന്റുമാർ എന്നീ ജീവനക്കാർക്ക് ബാധകമായത്)

തേയില, റബ്ബർ, കാപ്പി, ഏലം (മിശ്രവിള) തോട്ടങ്ങളിൽ ശമ്പളം പുനർനിർണ്ണയിക്കുമ്പോൾ സൂപ്പർവൈസർമാർക്കും മറ്റ് തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങൾക്കും 1372/- രൂപയും പ്രത്യേക വിഭാഗക്കാർ, ക്രഷ് അറ്റൻഡന്റുമാർ എന്നീ ജീവനക്കാർക്ക് 1328/- രൂപയും ഫിറ്റ്മെന്റ് ആനുകൂല്യം നൽകേണ്ടതാണ്. ശമ്പളം പുനർനിർണ്ണയിക്കുമ്പോൾ ശമ്പള സ്കെയിലിലെ അടുത്ത ഉയർന്ന സ്റ്റേജിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. ജോബ് ഡിഫറൻഷ്യൽ**

താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജോബ് ഡിഫറൻഷ്യൽ ഇനത്തിൽ പ്രതിദിനം 3.25 രൂപ ലഭിക്കുവാനർഹതയുണ്ട്.

1. പ്രൂണേഴ്സ്
2. കീടനാശിനി തളിക്കുന്നവർ (കലക്കുന്നവരുൾപ്പെടെ)
3. ടിങ്കേഴ്സ്
4. ടെലഫോൺ ഓപ്പറേറ്റർ
5. ഡ്രെസ്സേഴ്സ്
6. പെയ്ന്റേഴ്സ്
7. കുക്ക്സ്
8. സ്വീപ്പേഴ്സ്
9. തപാൽമാൻ
10. പ്യൂൺസ്
11. ഫാക്ടറി/ഫീൽഡ്/ഗേറ്റ് വാച്ച്മാൻ
12. ഗ്രീസ്സേഴ്സ്
13. ക്ലീനേഴ്സ്
14. പോർട്ടേഴ്സ്
15. ഫോറസ്റ്റർമാർ
16. ടീ ചെസ്റ്റ് നിർമ്മിക്കുന്നവർ
17. വെഹിക്കിൾ അറ്റൻഡേഴ്സ്
18. (എ) ഏലം പുകപ്പുരയിൽ സംസ്കരിക്കുന്നതിനു ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അവർ യഥാർത്ഥത്തിൽ പ്രസ്തുത ജോലിയ്ക്ക് നിയോഗിക്കപ്പെട്ട ദിവസങ്ങളിൽ
    (ബി) ഏലത്തിന് തണൽ ക്രമീകരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർ യഥാർത്ഥത്തിൽ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ

***കുറിപ്പ് :-*** *ഏലത്തോട്ടങ്ങളിലെ പ്രൂണിങ്ങ് ജീവനക്കാർക്ക് വർഷത്തിലെ എല്ലാ പ്രവർത്തി ദിവസങ്ങളിലും പ്രതിദിനം 50 പൈസ എന്ന നിരക്കിൽ ജോബ് ഡിഫറൻഷ്യലിന് അർഹതയുണ്ടായിരിക്കും.*

**III. സർവ്വീസ് വെയിറ്റേജ്**

**1. ദിവസ ശമ്പളക്കാർക്ക്**

| | | |
|---|---|---|
| i) | 5 വർഷം വരെ | ഇല്ല |
| ii) | 5 വർഷത്തിന് മുകളിൽ 10 വർഷം വരെ | 125 പൈസ |
| iii) | 10 വർഷത്തിന് മുകളിൽ 15 വർഷം വരെ | 175 പൈസ |
| iv) | 15 വർഷത്തിന് മുകളിൽ 20 വർഷം വരെ | 230 പൈസ |
| v) | 20 വർഷത്തിനു മുകളിൽ | 280 പൈസ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2. മാസ ശമ്പളക്കാർക്ക്**

| | | |
|---|---|---|
| i) | 5 വർഷം വരെ | ഇല്ല |
| ii) | 5 വർഷത്തിന് മുകളിൽ 10 വർഷം വരെ | ഒരു അഡീഷണൽ ഇൻക്രിമെന്റ് |
| iii) | 10 വർഷത്തിന് മുകളിൽ 15 വർഷം വരെ | 2 അഡീഷണൽ ഇൻക്രിമെന്റ് |
| iv) | 15 വർഷത്തിന് മുകളിൽ 20 വർഷം വരെ | 3 അഡീഷണൽ ഇൻക്രിമെന്റ് |
| v) | 20 വർഷത്തിനു മുകളിൽ | 4 അഡീഷണൽ ഇൻക്രിമെന്റ് |

*<u>കുറിപ്പ്</u> :- ഒരു തൊഴിലാളി സർവ്വീസ് വെയിറ്റേജിന് അർഹത നേടുന്നത് ആ തൊഴിലാളി സർവ്വീസിൽ പ്രവേശിച്ച് നിർദ്ദിഷ്ട വർഷം പൂർത്തിയാക്കുന്ന തീയതി മുതലാണ്.*

**3.** ക്രമ നമ്പർ 1, 2 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദിഷ്ട സർവ്വീസ് വെയിറ്റേജ് നൽകുന്നത്, ആയതുമായി ബന്ധപ്പെട്ട് WP(C) No.26803/17 നമ്പർ റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ 14.11.2019-ലെ വിധിക്കെതിരെ കേരള സർക്കാർ ബഹു. സുപ്രീം കോടതിയിൽ, ഫയൽ ചെയ്തിട്ടുള്ള പ്രത്യേക അനുമതി ഹർജി (സി) നമ്പർ 14133/2020-ന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും.

**IV. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനം എറണാകുളം സെന്ററിനായി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1970=100) 2050 പോയിന്റിന് തുല്യമായി നിശ്ചയിച്ചിരിക്കുന്നു. നടപ്പുപാദ വർഷത്തിന് തൊട്ടുമുൻപുള്ള പാദവർഷത്തിലെ എറണാകുളം സെന്ററിനായി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ ശരാശരിയിൽ 2050 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

ഫീൽഡ് വർക്കേഴ്സിന് പ്രതിദിനം ഒരു പോയിന്റിന് ഏഴു പൈസ പ്രകാരവും സൂപ്പർവൈസർമാർക്കും പ്രത്യേക വിഭാഗക്കാർക്കും മേൽപ്പറഞ്ഞ പ്രകാരം 2050 പോയിന്റിന് മുകളിലുള്ള ഒരു പോയിന്റിന് പ്രതിമാസം 2.10 രൂപ നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എറണാകുളം സെന്ററിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന, യഥാക്രമം ജൂലൈ 1, ഒക്ടോബർ 1, ജനുവരി 1, ഏപ്രിൽ 1 എന്നിങ്ങനെ ആരംഭിക്കുന്ന തൊട്ടുമുൻപുള്ള 3 മാസത്തെ ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ജനുവരി 1, ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ ക്ഷാമബത്ത കണക്കാക്കി ക്രമീകരിക്കേണ്ടതാണ്.

**V. തൊഴിൽ സംരക്ഷണം**

മേൽപ്പറഞ്ഞ മിനിമം വേതന നിരക്കുകൾ തേയില, റബ്ബർ പ്ലാന്റേഷനുകളിലെ തൊഴിലുടമകൾ തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകുമെന്നതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാകുന്നു. ഇപ്രകാരം തൊഴിൽ നൽകാൻ തൊഴിലുടമകൾക്ക് സാധിക്കാത്തപക്ഷം തൊഴിലാളികൾക്ക്, അവർ സ്വമേധയാ തൊഴിലിൽ നിന്ന് വിട്ടുനിൽക്കുന്നതൊഴികെയുള്ള ദിവസങ്ങളിൽ, മേൽപ്പറഞ്ഞ മിനിമം വേതനം ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തൊഴിലുടമയുടെ ബാദ്ധ്യത പ്ലാന്റേഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും തൊഴിൽ നൽകുന്നതിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതും അപ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള തൊഴിലിൽ നിന്ന് വിട്ടുനിൽക്കുന്ന തൊഴിലാളികൾക്ക് സ്വാഭാവികമായും പ്രസ്തുത ദിവസത്തെ വേതനം ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**VI.** **ഉയർന്ന വേതനത്തിനുള്ള സംരക്ഷണം**

പട്ടികയിൽ നിശ്ചയിച്ചതിനേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളികൾക്ക് ലഭിച്ചുവരുന്നുണ്ടെങ്കിൽ ആ തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തന്നെ തുടർന്നും അർഹതയുണ്ടായിരിക്കുന്നതാണ്.

**VII.** ഈ വിജ്ഞാപന പ്രകാരമുള്ള കൂലിനിരക്കുകൾക്ക് 2023 ജനുവരി 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**VIII.** ഈ വിജ്ഞാപന പ്രകാരം ഏതെങ്കിലും ഒരാൾക്ക് നൽകേണ്ടതായ കുടിശ്ശിക തുക നാളിതുവരെ വിതരണം ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത തുക, 2023 സെപ്തംബർ 30-നോ അതിനു മുൻപോ കൊടുക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വാസുകി കെ.,

*ഗവൺമെന്റ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2021 ഫെബ്രുവരി 16-ാം തീയതിയിലെ സ. ഉ. (അച്ചടി) 24/2021/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2021 ഫെബ്രുവരി 16-ാം തീയതിയിലെ 763-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 183/2021 നമ്പർ ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും 2023 സെപ്റ്റംബർ 6-ാം തീയതിയിലെ ഇ 1/73/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2023 സെപ്റ്റംബർ 8-ാം തീയതിയിലെ 2914-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും പ്രസ്തുത മേഖലയിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.19 07:30:24 +05:30